**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4841** | **02-07-2024 - ൽ മറുപടിയ്ക്ക്**

**ട്രേസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ട്രേസ് (ട്രെയിനിംഗ് ഫോർ കരിയർ എക്സലൻസ്) പദ്ധതി എവിടെയെല്ലാമാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ; | (എ) | പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരെ തൊഴിൽ പരിശീലനത്തിനും നൈപുണ്യ വികസനത്തിനുമായി ഹോണറേറിയത്തോടുകൂടി വിവിധ വകുപ്പുകൾക്ക് കീഴിൽ 2 വർഷ കാലയളവിലേക്ക് നിയമിക്കുന്നതിനായി ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് ട്രേസ്(ട്രെയിനിംഗ് ഫോർ കരിയർ എക്സലൻസ്). ടി പദ്ധതി സംസ്ഥാനമൊട്ടാകെ നടപ്പിലാക്കി വരുന്നു.<br><br>എൻജിനീയറിങ്, നഴ്സിംഗ്, പാരാമെഡിക്കൽ, നിയമം, സോഷ്യൽ വർക്ക്, മാനേജ്മെന്റ്, അദ്ധ്യാപനം, തുടങ്ങിയ മേഖലകളിൽ പഠനം പൂർത്തിയാക്കിയവർക്ക് ഇന്റേൺഷിപ് മാതൃകയിൽ ഹോണറേറിയത്തോട് കൂടി പരിശീലനത്തിനും പ്രവൃത്തി പരിചയത്തിനും വകുപ്പ് അവസരമൊരുക്കുന്നു. സർക്കാർ തലത്തിൽ 2 വർഷം പ്രായോഗിക പരിശീലനം വഴി ആർജ്ജിക്കുന്ന പരിചയസമ്പത്തിലൂടെ ഏതൊരു മികച്ച സർക്കാർ, സ്വകാര്യ സ്ഥാപനങ്ങളുടെയും അഭിമുഖങ്ങളിൽ ആത്മവിശ്വാസത്തോടെ പങ്കെടുക്കാൻ യുവാക്കളെ പ്രാപ്തരാക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ, വിശദവിവരം നൽകുമോ; | (ബി) | പട്ടികജാതി-പട്ടികവർഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരെ തൊഴിൽ പരിശീലനത്തിനും നൈപുണ്യ വികസനത്തിനുമായി ഹോണറേറിയത്തോടുകൂടി വിവിധ വകുപ്പുകൾക്ക് കീഴിൽ 2 വർഷ കാലയളവിലേക്ക് നിയമിക്കുന്നതിനായി ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് ട്രേസ്(ട്രെയിനിംഗ് ഫോർ കരിയർ എക്സലൻസ്). ടി പദ്ധതി സംസ്ഥാനമൊട്ടാകെ നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| | | | എൻജിനീയറിങ്, നഴ്സിംഗ്, പാരാമെഡിക്കൽ, നിയമം, സോഷ്യൽ വർക്ക്, മാനേജ്മെന്റ്, അദ്ധ്യാപനം, തുടങ്ങിയ മേഖലകളിൽ പഠനം പൂർത്തിയാക്കിയവർക്ക് ഇന്റേൺഷിപ് മാതൃകയിൽ ഹോണറേറിയത്തോട് കൂടി പരിശീലനത്തിനും പ്രവൃത്തി പരിചയത്തിനും വകുപ്പ് അവസരമൊരുക്കുന്നു. സർക്കാർ തലത്തിൽ 2 വർഷം പ്രായോഗിക പരിശീലനം വഴി ആർജ്ജിക്കുന്ന പരിചയസമ്പത്തിലൂടെ ഏതൊരു മികച്ച സർക്കാർ, സ്വകാര്യ സ്ഥാപനങ്ങളുടെയും അഭിമുഖങ്ങളിൽ ആത്മവിശ്വാസത്തോടെ പങ്കെടുക്കാൻ യുവാക്കളെ പ്രാപ്തരാക്കുന്നു. |
| (സി) | പ്രസ്തുത പദ്ധതിയിലൂടെ എത്ര പേർക്ക് ഏതെല്ലാം മേഖലയിൽ പരിശീലനം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ, വിശദവിവരം നൽകുമോ? | (സി) | നിലവിൽ പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങളിൽ നിന്നും 500 എഞ്ചിനിയറിംഗ് ഉദ്യോഗാർത്ഥികൾക്ക് അക്രഡിറ്റഡ് എഞ്ചിനീയർ നിയമനം നൽകിയിട്ടുണ്ട്. കൂടാതെ 114 MSW ബിരുദധാരികൾക്ക് സോഷ്യൽ വർക്കർമാരായും, 380 ബിരുദധാരികൾക്ക് അപ്രന്റീസ് ക്ലർക്കുമാരായും 2400 പേർക്ക് പ്രമോട്ടർമാരായും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിയമനം നൽകിയിട്ടുണ്ട്. 87 നിയമ ബിരുദധാരികളെ ഹോണറേറിയം വ്യവസ്ഥയിൽ ലീഗൽ അസിസ്റ്റന്റ് തസ്തികയിലും നിയമിച്ചു. ഇതിന് പുറമേ 140 മാനേജ്മെന്റ് ട്രെയിനീസ്, 49 സ്റ്റുഡന്റ്സ് കൗൺസിലർമാർ, 326 മെന്റർ ടീച്ചർമാരെയും നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ